LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി മീറ്ററുകളുടെ കാലിബ്രേഷൻ

154 (1117) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സാജു പോൾ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി മീറ്ററുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ;

(ബി) കേന്ദ്ര വൈദ്യുതി റഗുലേഷൻ പ്രകാരം ഓരോ ഉപഭോക്താവിന്റെയും എനർജി മീറ്ററുകൾ അതതു സ്ഥലത്തു ചെന്ന് സന്ദർശിക്കുന്ന ലാബ് വഴി കാലിബ്രേറ്റു ചെയ്യേണ്ടതുണ്ടോ ;

(സി) ഇതിൻപ്രകാരം സംസ്ഥാനത്ത് മീറ്ററുകൾ പരിശോധിക്കുന്നുണ്ടോ ;

(ഡി) മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിൽ ഇപ്പോൾ എത്ര സന്ദർശിക്കുന്ന പരിശോധനാ യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; സന്ദർശിക്കുന്ന പരിശോധനാ യൂണിറ്റുകൾ കൂടുതൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) മീറ്ററുകളിൽ കൃത്രിമം കാണിച്ച് വൈദ്യുതിമോഷണം നടത്തുന്നതു തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

വൈദ്യുതി ബോർഡിനെ കമ്പനിയാക്കൽ

155 (1118) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് കമ്പനിയായി പുനഃസംഘടിപ്പിച്ചോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എന്നുമുതലെന്നും എങ്ങനെയെന്നും വിശദീകരിക്കുമോ ;

(സി) പ്രസ്തുത കമ്പനിയുടെ പേർ, ആസ്തി-ബാദ്ധ്യതകൾ തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കുമോ ;

(ഡി) നിലവിലുള്ള ജീവനക്കാരുടെ പുനർവിന്യാസം എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 25-9-2008-ൽ സർക്കാർ പുറപ്പെടുവിച്ച ട്രാൻസ്ഫർ സ്കീം പ്രകാരം കെ.എസ്.ഇ. ബോർഡിന്റെ ആസ്തി-ബാദ്ധ്യതകളും ജീവനക്കാരെയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കി. ഇവ കമ്പനി നിയമം 1956 പ്രകാരം രൂപീകരിക്കുന്ന ഒരു കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കേണ്ടതുണ്ട്. ഇതിലേക്കായി 14-1-2011-ൽ "Kerala State Electricity Board Limited" എന്ന കമ്പനി രജിസ്റ്റർ ചെയ്തു. ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയ ആസ്തി-ബാദ്ധ്യതകളും ജീവനക്കാരെയും ഈ കമ്പനിയിലേക്ക് മാറ്റേണ്ടതുണ്ട്. പുനഃസംഘടന പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് പി.എഫ്.സി.-യുടെ കീഴിലുള്ള M/s. PFC Consulting Limited എന്ന സ്ഥാപനത്തെ കെ.എസ്.ഇ. ബോർഡ് നിയോഗിച്ചിരുന്നു. ട്രാൻസ്ഫർ സ്കീം റീവെസ്റ്റിംഗും ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചു വരികയാണ്. റീവെസ്റ്റിംഗിനു വേണ്ട സമയപരിധി സർക്കാർ 31-3-2011 വരെ നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ചുള്ള വിവിധ വശങ്ങൾ പഠിച്ചുവരികയാണ്.

സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം വാങ്ങുന്നതിനായുള്ള ടെണ്ടർ

156 (1119) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികവർഗ്ഗക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അനർട്ടിൽ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, പഞ്ചായത്തുകളിലും വിതരണം ചെയ്തു ; ഇവ സ്റ്റോക്കി ലെടുത്ത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഇവ പർച്ചേസ് ചെയ്യുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടി എന്താണ് ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; എന്തെല്ലാം ഉപകരണങ്ങൾക്കാണ് ടെണ്ടർ ക്ഷണിച്ചത് ; എത്ര പ്രാവശ്യം ടെൻഡറുകൾ ക്ഷണിച്ചു ; ഓരോ പ്രാവശ്യവും ടെൻഡറുകൾ ക്ഷണിച്ച് കാൻസൽ ചെയ്യാൻ കാരണം എന്താണ് ; എത്ര രൂപയുടെ ടെൻഡറാണ് പല പ്രാവശ്യമായി വിളിച്ചത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ടെൻഡറിൽ പങ്കെടുത്ത കമ്പനികൾ ഏതെല്ലാം ; ഇവർ കാട്ട് ചെയ്ത ഓരോ ടെൻഡറിന്റെയും തുക എത്ര വീതം ; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ ; ഇവരുടെ സപ്ലൈ ഓർഡർ കൊടുത്ത ഉത്തരവിന്റെ കോപ്പികളും പേമെന്റ് നൽകിയ ഉത്തരവുകളുടെ കോപ്പികളും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly